**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 370** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>ഓപ്പറേഷൻ ഡി-ഹണ്ട്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. തോമസ് ഉണ്ണിയാടൻ
ശ്രീ. വർഗ്ഗീസ് മാമ്മൻ
ശ്രീ. റെജി ചെറിയാൻ

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** ആഭ്യന്തരവകുപ്പിന്റെ നേതൃത്വത്തിലുള്ള ഓപ്പറേഷൻ ഡി-ഹണ്ട് ദൗത്യത്തിന്റെ ഇതുവരെയുള്ള ഫലപ്രാപ്തി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഉണ്ട്. സംസ്ഥാനത്തെ 84 പോലീസ് സബ് ഡിവിഷനുകളിലുമായി, ഓരോ സബ് ഡിവിഷനിലും 4 ടീം വീതം ക്രമീകരിച്ചിട്ടുള്ളതും, ഓരോ ടീമിലും 4 പോലീസ് ഉദ്യോഗസ്ഥരെ വീതം നിയമിച്ച്, "ഓപ്പറേഷൻ ഡി-ഹണ്ട്, ദി നാർകോ ഹണ്ട്" ഫലപ്രദമായി നടപ്പിലാക്കി വരുന്നു. തുടർന്ന് വിവിധ തരത്തിലുള്ള നിരോധിത മയക്കുമരുന്ന് കൈവശം വച്ചതിന് 02.06.2026 മുതൽ 17.06.2026 വരെ 2954 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 3176 പേരെ അറസ്റ്റ് ചെയ്യുകയുമുണ്ടായി. ഇതുകൂടാതെ COTPA പ്രകാരം 1421 കേസുകൾ കൂടി രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഓപ്പറേഷൻ ഡി-ഹണ്ട്: ദി നാർകോ ഹണ്ടിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം വിവിധ ജില്ലകൾ കേന്ദ്രീകരിച്ച് കേരള പോലീസ് 2152- ൽ പരം ബോധവത്കരണ ക്ലാസുകളും 167 കൗൺസിലിങ്ങുകളും സംഘടിപ്പിച്ചിട്ടുള്ളതും, പന്ത്രണ്ടു പേരെ ലഹരി വിമുക്തരാക്കുന്നതിലേയ്ക്കായി ഡി-അഡിക്ഷൻ സെന്ററിൽ അയച്ചിട്ടുള്ളതുമാണ്. ലഹരി സംബന്ധമായ വിവരങ്ങൾ പൊതുജനങ്ങൾക്കു രഹസ്യമായി അറിയിക്കുന്നതിനായി 9497979794, 9497927797 എന്നീ നമ്പറുകളിൽ വിളിക്കാവുന്നതിനും, 9995966666 എന്ന നമ്പരിൽ WhatsApp ചെയ്യുന്നതിനുമായി സൗകര്യമൊരുക്കിട്ടുണ്ട്. പൊതുജനങ്ങളിൽ നിന്ന് ലഹരിയുടെ വിൽപ്പനയും ഉപയോഗവും സംബന്ധിച്ച വിവരങ്ങൾ അറിയിച്ചുകൊണ്ട് 1600- ൽ പരം ഫോൺ കോളുകളും 1116 വാട്സ് ആപ് മെസ്സേജുകളും അത്തരത്തിൽ ലഭിച്ചിട്ടുള്ളതും ആയതിൻമേൽ ഉടനടി നടപടി സ്വീകരിച്ചിട്ടുള്ളതുമാകുന്നു. ഇത്തരത്തിൽ വിവരം നൽകുന്നവരുടെ Identity ഒരു കാരണവശാലും പുറത്തുപോകാതെ നോക്കുന്നതിന് വേണ്ട കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**(ബി)** പ്രസ്തുത ലഹരി നിർവ്യാപന ദൗത്യത്തിൽ വിദ്യാലയങ്ങളെ ഭാഗഭാക്കാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ പ്രത്യേക പദ്ധതികളും, ബോധവത്കരണ പരിപാടികളും നടപ്പിലാക്കി വരികയാണ്. സ്കൂൾ തലത്തിൽ സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് (SPG), കോളേജ് തലത്തിൽ കോളേജ് പ്രൊട്ടക്ഷൻ ഗ്രൂപ്പ് (CPG) എന്നീ പദ്ധതികൾ "ഓപ്പറേഷൻ ഡി-ഹണ്ട്: ദി നാർക്കോ ഹണ്ട്" എന്ന പദ്ധതിയുടെ ഭാഗമായിട്ടുണ്ട്. കേരള പോലീസിന്റെ "ഓപ്പറേഷൻ ഡി-ഹണ്ട്: ദി നാർക്കോ

ഹണ്ട്" പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തുടനീളം സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് വ്യാപകമായ ലഹരിവിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. ഇതിന്റെ ഭാഗമായി വിവിധ ജില്ലകളിലായി 2152-ലധികം ബോധവത്കരണ ക്ലാസുകളും 167 -ഓളം കൗൺസിലിംഗ് പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പ്, പോലീസ് വകുപ്പ്, എക്സൈസ് വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പി.ടി.എ കൾ, അധ്യാപകർ, രക്ഷിതാക്കൾ തുടങ്ങിയവരുടെ സഹകരണത്തോടെ വിദ്യാർത്ഥികളിൽ ലഹരിവിരുദ്ധ അവബോധം വളർത്തുന്നതിനും ലഹരിയുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ബോധവത്കരിക്കുന്നതിനുമായി പ്രത്യേക പരിപാടികൾ നടപ്പിലാക്കി വരുന്നു. കൂടാതെ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിൽ ലഹരി വിൽപ്പനയും ഉപയോഗവും തടയുന്നതിനായി പ്രത്യേക പരിശോധനകളും, നിരീക്ഷണങ്ങളും ശക്തിപ്പെടുത്തിയിട്ടുണ്ട്. ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട് കണ്ടെത്തപ്പെടുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ സാഹചര്യങ്ങളിൽ കൗൺസിലിംഗും ഡി-അഡിക്ഷൻ ചികിത്സാ സേവനങ്ങളും ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്.

**(സി)** ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള ലഹരിക്കടത്ത് വിജയകരമായി ചെറുക്കാൻ പ്രസ്തുത ദൗത്യം മൂലം സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സാധിച്ചിട്ടുണ്ട്. പ്രസ്തുത ദൗത്യത്തിലൂടെ അന്യസംസ്ഥാനങ്ങളിൽ നിന്നും മയക്കുമരുന്ന് കടത്തുന്നതിന് റെയിൽ മാർഗ്ഗം ഉപയോഗിക്കുന്നത് തടയുന്നതിനായി ഇതര സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന ട്രെയിനുകൾ റെയിൽവേ പോലീസിന്റെ നേതൃത്വത്തിൽ സംയുക്തമായി പരിശോധന നടത്തി വരുന്നു. അതിഥി തൊഴിലാളികൾ കൂട്ടമായി താമസിച്ചു വരുന്ന സ്ഥലങ്ങളിലും നിരീക്ഷണങ്ങൾ നടത്തി വരുന്നു. അതിർത്തികളിൽ കൂടി കടന്നുവരുന്ന ട്രക്കുകളിലെ സംശയകരമായ ലഗേജുകൾ, വാഹനങ്ങളിലെയും മറ്റും രഹസ്യ അറകൾ, സംശയാസ്പദമായ സാഹചര്യങ്ങളിൽ സ്ഥിരം യാത്ര ചെയ്യുന്ന യുവാക്കൾ, inter state ബസുകൾ എന്നിവ കർശനമായി പരിശോധിച്ചു വരുന്നു. റെയിൽവേ യൂണീറ്റിലെ DANSAF, INTELLIGENCE വിഭാഗങ്ങളെ കൂടി ഉൾപ്പെടുത്തി ട്രെയിനുകളിൽ കർശന പരിശോധന നടത്തി വരുന്നു.

**(ഡി)** ട്രെയിനുകൾ വഴിയുള്ള ലഹരിക്കടത്ത് തടയാൻ ആഭ്യന്തരവകുപ്പിന് കീഴിൽ സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** നിലവിൽ പരിഗണനയിലില്ല.

**(ഇ)** സംസ്ഥാനാന്തര-രാജ്യാന്തര ലഹരിക്കടത്തിന്റെ ഉറവിടങ്ങൾ കണ്ടെത്തുവാൻ സാധിച്ചിട്ടുണ്ടോയെന്നും ഇതിനായി ഇതര സംസ്ഥാന, ദേശീയ അന്വേഷണ ഏജൻസികളുടെ സഹായം ലഭിക്കുന്നുണ്ടോയെന്നും വിശദമാക്കാമോ?

**<u>മറുപടി:</u>** ഓപ്പറേഷൻ ഡിഹാന്റെ ഭാഗമായി പുതുതായി രൂപീകരിച്ച ടീം ഫലപ്രദമായി പ്രവർത്തിച്ചതിന്റെ ഫലമായി പത്തനംതിട്ട പന്തളം പോലീസ് സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്ത ക്രൈം. നമ്പർ 472/2026 കേസുമായി ബന്ധപ്പെട്ട് നൈജീരിയൻ പൗരനായ Samuel Clefson Okafor എന്നയാളെയും, പെരുനാട് പോലീസ് സ്റ്റേഷൻ ക്രൈം.നമ്പർ 147/26 കേസുമായി ബന്ധപ്പെട്ട് Elcina Sanatan Souza എന്ന വിദേശ വനിതയെയും, ടി പുതിയ അന്വേഷണസംഘത്തിന് ഡൽഹിയിൽ നിന്നും ബാംഗ്ലൂരിൽ നിന്നുമായി പിടികൂടാൻ കഴിഞ്ഞിട്ടുണ്ട്.

സംസ്ഥാനാന്തര- രാജ്യാന്തര ലഹരിക്കടത്തിന്റെ ഉറവിടങ്ങൾ കണ്ടെത്തുന്നതുമായി ബന്ധപ്പെട്ട് 16-06-2026-ാം തീയതി ബഹുമാനപ്പെട്ട ആഭ്യന്തര മന്ത്രിയുടെ അധ്യക്ഷതയിൽ Inter Agency Coordination Meeting കൂടിയിട്ടുള്ളതാണ്. കൂടാതെ ഓപ്പറേഷൻ ഡി-ഹണ്ടുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് സ്പെഷ്യൽ ബ്രാഞ്ചിൽ T-Int എന്നൊരു പദ്ധതി മയക്കുമരുന്നിന്റെ ഉറവിടം കണ്ടെത്തുന്നതിനായി രൂപീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**